GSMVHSS TATTAMANGALAM

PALAKKAD

*"Reading make a full man*
*Conference a ready man*
*and writing an exact man"*

ഇംഗ്ലീഷ് ഉപന്യാസങ്ങളുടെ പിതാവെന്നറിയപ്പെട്ട ഫ്രാൻസിസ് ബേക്കന്റെ "Of Studies" എന്ന അതിപ്രശസ്തമായ ഉപന്യാസത്തിലെ വരികളാണ് മേലെ കുറിച്ചിരിക്കുന്നത്. അതിൽ പറയുന്നതുപോലെ തന്നെ എഴുത്ത് ഒരു യാഥാർത്ഥ മനുഷ്യനെ സൃഷ്ടിക്കുന്നു. എന്തെന്നാൽ എഴുതുമ്പോൾ, വരയ്ക്കുമ്പോൾ ,സർഗ്ഗസൃഷ്ടികൾ നടത്തുമ്പോൾ ഒരു വ്യക്തി മനുഷ്യശേഷിയുടെ പരമൗന്നത്യത്തിൽ എത്തുകയും തന്റെ സൃഷ്ടിയുടെ പരമപിതാവായി സ്വയം ഉയർത്തുകയും ചെയ്യുന്നു. അവൻ സ്രഷ്ടാവാകുന്നു ഇവിടെ. നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ സൃഷ്ടികളിലേക്ക്   ഈ ഡിജിറ്റൽ ജനാലയിലൂടെ എത്തിനോക്കുമ്പോൾ, നമ്മുടെ വിദ്യാലത്തിന് ഏറെ അഭിമാനിക്കാനുള്ള അനേകം പരിപൂർണ്ണ മനുഷ്യരെ,മനസ്സുകളെ ഈ സ്കൂൾ നട്ടുവളർത്തിയിരിക്കുന്നു. പരിപൂർണരായ ഈ കുട്ടികളാൽ നിർണ്ണിയ്ക്കപ്പെടുന്ന തത്തമംഗലത്തിന്റെയും ചിറ്റൂരിന്റെയും ഈ രാഷ്ട്രത്തിന്റെയാകെയുമുള്ള ഭാവി പരിപൂർണമായിരിക്കും എന്ന് നിസ്സംശയം പറയാൻ കഴിയും.
മറ്റൊരു പ്രധാന വിഷയം ഈ സൃഷ്ടികൾ നമ്മിലേക്കെത്തുന്ന മാധ്യമം തന്നെയാണ്.നാലാം വ്യാവസായിക
വിപ്ളവം നമ്മുടെ നീങ്ങാമുട്ടിയായി വന്ന് നിൽക്കുമ്പോൾ,കാലഘട്ടം ആവശ്യപ്പെടുന്നതിൻെറ നൈപുണ്യം നമ്മുടെ
വിദ്യാർത്ഥികൾക്കുണ്ടെന്നതിന്റെ മൗലികമായ തെളിവാണ് ഈ ഡിജിറ്റൽ മാഗസിൻ."**മൊബിലിയ**" – ചലിച്ചുകൊണ്ടിരിക്കുന്ന എന്ന അർത്ഥമുള്ള ഈ ലാറ്റിൻ പദം  ഈ പതിപ്പിൻെറയും മുന്നോട്ടു ചലിക്കുന്ന നമ്മുടെ കാലത്തിൻെറയും പ്രതിഫലനമാണ്.തണ്ടിൽ പേന മുക്കിയെഴുതി മഷിത്തണ്ട്കൊണ്ട് സ്ലേറ്റ് മാച്ചിരുന്ന ഒരു കാലത്തുനിന്നും ഡിജിറ്റൽ ക്ലാസ്മുറികളിലേക്ക് നമ്മുടെ നാട് മുന്നേറിയിരിക്കുന്നു.വരും കാലങ്ങളിൽ സാങ്കേതികവിദ്യ  ഉയർത്തുന്ന വെല്ലുവിളികൾ നമ്മുടെ വരും തലമുറകളുടെ ജീവിതത്തിനു മുകളിൽ നിഴൽ പരത്തരുത് എന്ന ഈനാടിന്റെ തിരിച്ചറിവാണ്,ജാഗ്രതയാണ് ഇത്തരത്തിലുള്ള വിദ്യാഭ്യാസത്തിലെ മുന്നേറ്റത്തിന്റെ ചാലകശക്തി.തിരിച്ചറിവുകളുടെ കലവറയായ ഈ പതിപ്പ് വായിച്ചു നിർത്തുമ്പോൾ നമുക്ക് ബോധ്യമാവും ഈ നാടിന്റെ ജാഗ്രത വരും കാലങ്ങളിലേക്ക് തുടരുകതന്നെ ചെയ്യും,ഗോളാന്തരതയിലേക്ക് പടരുകതന്നെ ചെയ്യും.

എഡിറ്റർ

# സന്ദേശം

പ്രിയ വായനക്കാരേ
വായനയുടെ ലോകം
നിമിഷം തോറും
മാറിക്കൊണ്ടിരിക്കയാണ്.

ലോകം വിരൽത്തുമ്പിലാണ്
സാങ്കേതിക വിദ്യയുടെ
വിസ്ഫോടന യുഗമാണ്.

ആർട്ടിഫിഷ്യൽ
ഇന്റലിജൻസിന്റെ
കാലത്തിലൂടെയാണ്
നാം മുന്നോട്ട് കുതിക്കുന്നത്.

അതുകൊണ്ടുതന്നെ
സൈബർ സാഹിത്യം
അനിവാര്യമാണ്.

അതിലേക്കുള്ള
തത്തമംഗലം
ഗവ എസ് എം എച്ച് എസ്സിന്റെ
സാന്നിധ്യമാണ്
"മൊബീലിയ"

തൊട്ടറിയൂ
ചലനാത്മക ചിന്തകളെ

ഹെഡ്മിസ്ട്രസ്


കാർത്തികേയൻ.ന. 9F

# ഫുട്ബോളിനെ സ്നേഹിച്ച പെൺകുട്ടി

(ചെറുകഥ)

ഒരിക്കൽ ഒരു പെൺകുട്ടി മഞ്ഞണിക്കാട് എന്ന സ്ഥലത്ത് ജീവിച്ചിരുന്നു.അവളുടെ പേര് സ്റ്റെല്ല എന്നായിരുന്നു.അവൾക്ക് രണ്ട് ചേട്ടന്മാരാണ് ഉള്ളത്.അവളുടെ ചേട്ടന്മാരുടെ പേര്ജോസഫ് , ക്രിസ്റ്റി എന്നായിരുന്നു.അവൾ ചേട്ടന്മാരെ വളരെയധികം സ്നേഹിച്ചിരുന്നു.അതുപോലെതന്നെ അവരും അവളെ സ്നേഹിച്ചിരുന്നു.അവൾ നാലാം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്കൂൾ ടൂറായി തൃശ്ശൂരിലേക്ക് പോയി.അപ്പോൾ കുറച്ച് കുട്ടികൾ ഫുട്ബോൾ കളിക്കുന്നത് കണ്ടു.അവൾക്ക് അതുപോലെ കളിക്കണമെന്നൊരാശതോന്നി.അവൾ ടൂർ കഴിഞ്ഞ് വരുമ്പോൾ ചേട്ടന്മാർ ബൈക്കിൽ വിളിക്കാൻ വന്നിരുന്നു.ബൈക്കിൽ തിരികെ വരുമ്പോൾ അന്നേരം അവൾ ചേട്ടന്മാരോട് പറഞ്ഞു.അവളുടെ ചേട്ടന്മാർ നമ്മുടെ ഒരേയൊരു അനുജത്തിയല്ലേ എന്ന് പറഞ്ഞ് അവളെ അടുത്തുള്ള ഫുട്ബോൾ ക്യാമ്പിൽ ചേർത്തു.അവൾക്ക് വേണ്ട എല്ലാ കാര്യങ്ങളും ചെയ്തുകൊടുത്തു.അങ്ങനെ ഫുട്ബോൾ കളിച്ച് അവൾ ഫുട്ബോളിനോട് സ്നേഹിക്കാനും അത് തുടരാനും തുടങ്ങി.പിന്നീട് ഫുട്ബോൾ തന്റെ ജീവിതമാക്കി തീർത്തു.അങ്ങനെ അവൾ രണ്ട് ചേട്ടന്മാരെയും സന്തോഷിപ്പിച്ചു.

Arathi Mohandas

9A

# ആകാശം

എന്റെ സ്വപ്നം പോലെ വിടരുന്നതാണ് ആകാശം . ആകാശത്തിൽ ഒരു പറവയെ പോലെ പറക്കാൻ ഞാൻ ആഗ്രഹിക്കുന്നു .

ആകാശത്തിൽ അതിരുകളില്ല . ആകാശത്തുക്കൂടെ പറവകൾ പറക്കുമ്പോൾ എനിക്കും ചിറകുണ്ടെങ്കിൽ പറക്കാമെന്ന് തോന്നും . എനിക്കാവില്ല

പറക്കാൻ ......കാരണം എനിക്ക് ചിറകില്ല ........ ഉണ്ടാവും ... ഒരിക്കൽ പ്രതീക്ഷയുടെ ചിറകുവിരിച്ച ഞാൻ പറന്നുയരും ......

വാനിൽ ആകാശക്കോട്ട കെട്ടിപ്പൊക്കും ......പ്രതീക്ഷ .... അതാണ് ജയത്തിന്റെ പരിണാമം .........

–നയനമോൾ .K

8B

# അമ്മ

സ്നേഹത്തിനു മുന്നിൽ അമ്മയെ പോലെയാകില്ല മറ്റാരും.അടുക്കളയിൽ പുകയൂതി തിരിനാളം കെട്ടുപോയ ദൈവമാണ്  അമ്മ.സങ്കടങ്ങൾ ഉള്ളിലൊതുക്കി സ്നേഹം പുറത്തുകാട്ടി കെട്ടുപോയ തിരിനാളം പോലെ വിഷമത്തിന്റെ അറയിൽ ഇരിക്കുകയാണ് അമ്മ.കുടുംബനാഥൻ അച്ഛന്റെ അമ്മയെ മറക്കരുത്.പത്തുമാസം വയറ്റിൽ ചുമക്കുന്ന അമ്മയെ കരയിപ്പിക്കരുത് സ്നേഹത്തിന്റെ കടൽ കെട്ടിയടയ്ക്കരുത്.തല്ലിയാലും ശ്വസിച്ചാലും അത് നമ്മളിലെ നന്മയെ പുറത്തെടുക്കാനാണ്.ആ തിരിനാളം ഒരിക്കലും കേട്ട് പോകരുത്.താങ്ങും തണലുമായി നമ്മുടെ കൂടെ നിൽക്കുന്ന അമ്മയെക്കാളുമായി മറ്റാരും ഉണ്ടാകില്ല.അമ്മയെ ഹൃദയത്തിനുള്ളിൽ വെച്ച് പൂജിക്കണം അല്ലാതെ അടുക്കളയിൽ വെച്ച് പുകയ്ക്കരുത്.

നിമിഷ 8A

# സുറുമക്കണ്ണ്

കുട്ടു അന്നെ പ്രിൻസിപ്പൾ ഓഫീസിലോട്ട് വിളിച്ചു .......

വേഗം ചെല്ല് ....അയാൾ കുറച്ചു ചൂടിലാ .
അയ്യോ ..... ന്ത് പറ്റി ഞാനൊന്നും ചെയ്തില്ലല്ലോ ..സംസാരിച്ചു നിൽക്കാൻ സമയമില്ല ..നീ വേഗം ചെല്ല് .
കുട്ടു ഓഫീസിലേക്ക് പോണ വഴിയിൽ ആലോചനയിലാണ്ടു ...
എന്തിനായിരിക്കും എന്നെ വിളിച്ചത് ...
ഇനി എന്നെ ചീത്ത പറയുവാനാണോ ...
ന്താ മാഷേ എന്നെ വിളിപ്പിച്ചത് .... ഒന്നും ഇല്ല്യ ... ഇരിക്കി ...
ന്താ മാഷേ ....
ഓൻ വിദ്യാരംഗം കലാസാഹിത്യവേദിയിൽ കഥാരചനയിൽ പക്കെടുത്തെന്നറിഞ്ഞല്ലോ ....
അതെ മാഷേ .... നിക്ക് മാഷിന്റെടുത്തു പറയാൻ സമയമുണ്ടായിരുന്നില്ല ....
അതോണ്ട് പറയാതിരുന്നേ ...അവിടന്ന് ഇപ്പോ വിളിച്ചേത് ....അനക്ക് ഒന്നാം സമ്മാനം ....
അന്റെ "കണ്ണുകൾ " എന്ന കഥ സൂപ്പറായിരുന്നെന്ന് അനക്ക് ക്ലാസ്സെടുത്ത മാഷ് പറഞ്ഞേത് ..
ന്റെ റബ്ബേ എനക്ക് ......എനക്ക് ഫസ്റ്റോ....സത്യാണോ സാറേ ...
അതെ ..ആട്ടെ അന്റെ കഥയൊന്ന് പറയോ .
അവൻ പറഞ്ഞു തുടങ്ങി .
ചുരുക്കി പറയാ സാറേ ... ഞാൻ ഒരുത്തീനെ സ്നേഹിച്ചു ..... ഓള്ടെ കണ്ണ് കണ്ടിട്ട് ..... ന്തൊരു ഭംഗിയായിരുന്നു ഓൾടെ കണ്ണ് .....
കണ്ണിൽ സുറുമയിട്ടിട്ട് സുഹറ വരുന്നതു കണ്ടാ ........
എല്ലാവരും ഓളെ ഒന്ന് നോക്കിപ്പോകും .....ഓള്ടെ മൊഞ്ചു വിവരിക്കാൻ ആവില്ല മാഷേ ......
ഓള്ടെ ന്റെയും കെട്ടു കയിഞ്ഞു ...
സന്തോഷത്തോടെ ജീവിതം പോയിന് ...
പക്ഷെ അത് സത്യമായിരുന്നില്ല ....
അത് ഞാൻ കണ്ട സ്വപ്നമായിരുന്നു ......
സാറേ ഇതാണ് ന്റെ കൊച്ചു കഥ .....
ഓന് ഇത്രേം ഭാവനയിണ്ടെന്ന് ഞാൻ അറിഞ്ഞില്ല ....
എന്തായാലും കൊള്ളാം ......
അനക്കൊരു ട്രോഫി കിട്ടിയിരിക്കണ്
വാ അസംബ്ലി കൂടി അത് അനക്ക് തരാം .....
വാ.... പോകാം .....
കുട്ടുന്റെ ചുണ്ടിൽ ഒരു ചെറു പുഞ്ചിരി വിരിഞ്ഞു .

–തമീമ തസ്നി 8A

# ഇവൾക്കു മുമ്പിൽ

# കണ്ണാടികൾക്ക് കണ്ണുനീരില്ല

ആ ചെടി അവളിലേക്ക് ആഴ്ന്നിറങ്ങിയിരുന്നു. പുതിയ സ്കൂളിലേക്ക് പോയപ്പോഴും ആ ചെടി അവളിൽ പുതുനാമ്പുകൾ വിതച്ച് വളർന്നു പൊന്തി. ഓരോ കണ്ണാടികളും അവൾക്ക് കണ്ണുനീർ മാത്രം സമ്മാനിച്ചു .അവൾ പിന്നീട് കണ്ണാടി നോക്കാതെയായി .അങ്ങനെ ദിവസങ്ങൾ കടന്നുപോയി .ആരോടും സംസാരിക്കാതെ ഇരിക്കുന്ന അവളെ കുട്ടികൾ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി .

"അനു നീ സ്കൂളിൽ പുതുതായി വന്നതല്ലേ എന്നിട്ടെന്താ ആരേയും പരിചയപ്പെടാത്തത് "

അനു അതിനും ഒരു മറുപടി നൽകിയില്ല .അവളുടെ മനസ്സിൽ മുഴുവൻ അവന്റെ ചിന്തകളായിരുന്നു .

അനാഥയായ അവളെ ലോകം പുച്ഛിച്ചു തള്ളിയ അവളെ ചിരിക്കാൻ പഠിപ്പിച്ചതവനായിരുന്നു . ടീച്ചർമാരും കുട്ടികളും അവളെ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി .

അവളുടെ മേൽ ചില കാരണങ്ങൾ ചുമത്തി സ്കൂളിൽ നിന്ന് പുറത്താക്കി .കാരണം ടീച്ചർ മാർക്കു അറിയാമായിരുന്നു അവൾ ഈ സ്കൂളിൽ പഠിച്ചാൽ അത് ആ സ്കൂളിന്റെ വിജയശതമാനത്തെ ബാധിക്കുമെന്ന് .

പിന്നെ അവളുടെ ലോകം ഒരു ചെറിയ മുറിക്കുള്ളിൽ മാത്രമായിരുന്നു . കോരിക്കോരി വറ്റിയ കിണറായിരുന്നു അവളുടെ കണ്ണുകൾ .

"എടീ നീ കാരണം പുറത്തിറങ്ങി നടക്കാൻ വയ്യ .എല്ലാവരും ചോദിക്കായ എന്താ അനുവിനെ സ്കൂളിൽ നിന്ന് പുറത്താക്കിയതെന്ന് .എന്തിനാടി നിന്റെ അമ്മയും അച്ഛനും നിന്നെ ഈ മണ്ണിൽ വിതച്ചിട്ടുപോയത് ശല്യം ". അവളുടെ അമ്മായി പറഞ്ഞു.

ഒരു അഗാധനിദ്രയിൽ നിന്നെന്നപോലെ അവളുടെ മനസ്സ് ഞെട്ടിഉണർന്നു .

"എന്താ എന്നെ സ്കൂളിൽ നിന്ന് പുറത്താക്കിയെന്നോ "

അനു അവളോട് തന്നെയായി ചോദിച്ചു . അവളുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ധാര ധാരയായി ഒഴുകി ഇത്തിരി നേരം മൗനത്തിലാണ്ടു .

"എന്തുപറ്റി " അവളുടെ മനസ്സ് അവളോടായി ചോദിക്കുന്നതുപോലെ അവൾക്കു തോന്നി .

"ഞാൻ....... എന്റെ ജീവിതത്തെ ഞാൻ വെറുക്കുന്നു".

അവൾ പറഞ്ഞു

"എന്നെ സഹായിക്കണം ...എന്റെ ജീവിതം ഒരു തോൽവിയാണ് നീ തന്നെ എനിക്കൊരു വഴി പറഞ്ഞു തരൂ എന്താണിനി ചെയ്യേണ്ടത് "

പൊട്ടിച്ചിരിയോടെ മനസ്സ് പറഞ്ഞു "എന്താ എന്റെ തീരുമാനത്താൽ നീ ജിവിക്കണമെന്നാണോ നീ പറയുന്നത് . ഇല്ല ഒരിക്കലും ഞാൻ ഒരു തീരുമാനവും പറയില്ല. കാരണം ഞാൻ വേലയെടുത്തിട്ടല്ല ,നീ ഭക്ഷണം കഴിക്കേണ്ടത് ഞാൻ വേലയെടുത്താൽ ഒരിക്കലും നീ വിയർക്കില്ലായെന്ന് ഓർക്കണം ".

പെട്ടെന്ന് അവൾ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് ചിന്തയുണർത്തി .

"ശരിയാണ് ഞാൻ എന്തൊരു വിഢ്ഢിയാണ് . വെറും ഒരു കൂട്ടുകാരനായ അവനെ ഓർത്ത് എന്തിനാണ് ഞാൻ എന്റെ ജീവിതം പാഴാക്കുന്നത് .ഇല്ല ഇനി ഞാൻ എനിക്ക് വേണ്ടി ജീവിക്കും .എല്ലാവരും ഒരിക്കലും എന്റെ കൂടെ ഉണ്ടാവില്ല . എന്തേ ഞാൻ ഇതു മനസിലാക്കാൻ വൈകിയത് .
ഒരു സ്വപ്നം വേണ്ടി വന്നോ എനിക്കെന്റെ ജീവിതത്തിന് പുതുതാളുതുറക്കാൻ ".
അവൾ അവസാനമായൊന്ന് പൊട്ടിക്കരഞ്ഞു . അവൾ കണ്ണാടിയിലേക്ക് നോക്കി . അവളോട് കണ്ണാടി പുഞ്ചിരിക്കുന്നതായി അവൾക്ക് തോന്നി .
ആ കണ്ണാടി പിന്നീടൊരിക്കലും അവളോട് കണ്ണുനനഞ്ഞു സംസാരിച്ചില്ല .

കാലങ്ങൾ കഴിഞ്ഞുപോയി . അവൾ ഐ . എ . എസ് നേടിയപ്പോൾ കുറച്ചു കുട്ടുകാർ അവളോട് ചോദിച്ചു
"മേഡം നിങ്ങളെ ആരാ ഈ സ്ഥാനത്തിലെത്തിക്കാൻ പ്രചോദനം നൽകിയത് . ഒരു വ്യക്തിപോലും നിങ്ങളെ ഈ സ്ഥാനത്തിലെത്താൻ സഹായിച്ചില്ലെന്നാണല്ലോ ഞാൻ കേട്ടത് "

"ശരിയാണ് ഒരു വ്യക്തികളും എന്നെ സഹായിച്ചില്ല എന്നത് സത്യമാണ് . പക്ഷെ ഞാൻ പറയട്ടെ ഓരോ വ്യക്തികളും മറ്റൊന്നിനെ സ്വന്തം വിജയത്തിനായി ആശ്രയിക്കുന്ന എന്നതാണ് സത്യം . അനു അത്യധികം സന്തോഷത്തോടെ പറഞ്ഞു .

"മേഡം അപ്പോൾ മേഡത്തിന്റെ വിജയത്തെ പ്രചോദിച്ചത് എന്തായിരുന്നു ".

അവൾ അത്യധികം ആഹ്ലാദത്തോടെ പറഞ്ഞു .

"എനിക്കൊരു വിജയമുണ്ടെങ്കിൽ അതിനു കാരണം ,

എന്നെ ജീവിതത്തിനു പുതുതാളു തുറക്കാൻ സഹായിച്ച എന്റെ മനസ്സാണ്".

ആ വാക്കുകളിൽ അവളുടെ മനസ്സ് അത്യധികം സന്തോഷിച്ചു .ഓരോ

കണ്ണാടികളും അവൾക്കുമുമ്പിൽ എന്നും പുഞ്ചിരിതൂകി .

ARPITHA,10D

# നിമിഷങ്ങളിൽ

# പെയ്തുതോരുന്നൊ മഴ

# നിമിഷങ്ങളിൽ

# പെയ്തുതോരുന്നൊ മഴ

## കവിത

സിംഹിണീ....
നിൻ ഗർജനം
ഒരിളം തെന്നലായ്
എൻ കാതിൽ മുഴങ്ങുന്നു.....

മധുരസ്വരം
പൊഴിയും പാട്ടുകാരി-
ക്കുയിലേ നിൻ സ്വരം,
ഒരു താരാട്ടുപാട്ടായ്
എന്നെ തഴുകുന്നു.

കൈയിലെ
കുടത്തിൽ ജലം
നിറച്ച്, നെൻ്മണിപ്പാടത്തിൽ
വർഷിക്കുന്ന, കൃഷിക്കാരി-
പ്പെൺകൊടിയോ നീ?

ഒരു തരി
മണ്ണിന് ഒരിത്തിരി
നനവേകി,സ്വയം
ബലിയർപ്പിക്കുന്ന,

ധർമ്മിഷ്ംയോ നീ?

നിമിഷങ്ങളിൽ
പെയ്തുതോരുന്നൂ നീ,
നിമിഷങ്ങളിൽ
പെയ്തുതോരുന്നൂ മഴ
നിമിഷങ്ങളിൽ
ഓർക്കുന്നൂ നിന്നെ ഞാൻ
നിമിഷങ്ങളിൽ ഓർക്കുന്നു മഴയെ ഞാൻ..

–അരവിന്ദ് കൃഷ്ണ .എസ്

# നീല ആകാശം

എൻ കിനാവിൽ നീ വിടർന്നിരിക്കുന്നു

നിന്നിലെ ഒരു ശാഖയായി ജ്വലിക്കുന്ന ആയിരം നക്ഷത്രങ്ങൾ

പുലരുമ്പോൾ പുഞ്ചിരിയിൽ തൂകുന്നു

രാത്രിയിൽ കറിൻഭ്രുതമായി വരുന്നു

നിൻ തേജസ്സും ഓജസ്സും ഞങ്ങൾക്കായി പൊഴിക്കവേ

നീ ഞങ്ങളെ പുതപ്പായ് തലോടുന്നു

നിൻ സ്പർശം നമ്മേ വിടർത്തുന്നു

നീ എന്നെ ഉണർത്തുന്നു പുലർത്തുന്നു ഒപ്പം തലോടുന്നു

എന്നെ നീ ത്രസിപ്പിക്കുന്നു

നിനക്കായ് ഞാൻ ഉണരുന്നു

നീ എന്നും എനിക്ക് കൗതുകമാണ്

സുഭിഷ

8B

# പൂക്കാലം

പൂക്കാലം തുടങ്ങി.മുറ്റം നിറയെ പൂവുകൾ നിൽക്കുന്നത് കാണാൻ എന്തു രസമായിരിക്കും. അമ്മുവിന്റെ വീടിനുപിറകിൽ ഒരു പൂത്തോട്ടമായിരുന്നു. അമ്മു വീടിനു പിറകിൽ നിന്ന്  നോക്കിനിൽക്കും. അത് എന്ത് രസകരമാണ്. അമ്മു സ്കൂളിൽ പോവാൻ പുറപ്പെടുകയാണ്. അമ്മുവിന്റെ കൂട്ടുകാരെയെല്ലാം എത്തി. കുറച്ചുനേരം സംസാരിച്ചതിനുശേഷം പിറകിലുള്ള പൂത്തോട്ടത്തിൽ  ചേന്നു. പൂക്കളെ രസിച്ചുകാണുമായിരുന്നു. അമ്മുവിന്റെ കൂട്ടുകാർ ആ പൂത്തോട്ടത്തെ വളരെ അധികം ഇഷ്ടപ്പെട്ടു. എല്ലാവരും കൂടി സ്കൂളിൽ പോകുമ്പോൾ അമ്മുവിന്റെ പൂത്തോട്ടത്തെ പറ്റി സംസാരിച്ചു. അവസാനം ക്ലാസ് എത്തി.

ടീച്ചർ ക്ലാസ്സിൽ വന്നപ്പോൾ ഇന്നത്തെ കഥ എഴുതാൻ പറഞ്ഞു. അപ്പോൾ അമ്മു വീടിനു പിറകുള്ള പൂത്തോട്ടത്തെ പറ്റി എഴുതി. ആ കഥ ടീച്ചർക്കു വളരെ അധികം ഇഷ്ടപ്പെട്ടു. ടീച്ചർ സ്കൂളിലെ ടീച്ചറുകൾക്കു കാണിച്ചു കൊടുത്തു. ആ കഥ വളരെ അധികം ടീച്ചർമാർ അമ്മുവിനെ അഭിനന്ദിച്ചു. സ്കൂൾ വിട്ടതിനുശേഷം വീട്ടിൽ പോയി അമ്മയോട് പറഞ്ഞു. മ്മ അമ്മുവിനെ അഭിനന്ദിച്ചു. ഇതു എല്ലാം കേട്ടപ്പോൾ അമ്മുവിന് വളരെ സ്നേഹിച്ചു. കുറയെ മാസങ്ങൾക്ക് ശേഷം ചെടികൾ ഉണങ്ങി അമ്മുവിന് സങ്കടമായി. അവൾ സങ്കടത്തോടെ അമ്മയോട്  പറഞ്ഞു. അവളുടെ 'അമ്മ അമ്മുവിനോട് പറഞ്ഞു. പോട്ടെ സരമില്ല. എന്നിട്ടും അമ്മുവിന് സങ്കടം മാറിയില്ല.

ഇതാണ് നമ്മുടെ കാലത്തു നടക്കുന്നത്.

LAVANYA,8B

# നിനക്കായ്.....

ലോകത്ത് രക്തബന്ധത്തേക്കാൾ  ദൃഢമാർന്നതാണ് സുഹൃത്ത്
ബന്ധം
അതിനെ തകർക്കാൻ ലോകത്തിലെ ഒരു ദൃശ്യ ശക്തിക്കും
കഴിയില്ല

അറിയാതെയാണ് നാം ജനിക്കുന്നത്
ഓർക്കാതെയാണ് നാം മരിക്കുന്നത്

അതിനിടയിൽ നീയാണ് എന്നെ ജീവിക്കാൻ പ്രേരിപ്പിച്ചത്
ഇനിയും എത്ര ജന്മമെടുത്താലും നിനക്കായ്.....
നിന്റെ സൗഹൃദത്തിനായ് ......

ഞാൻ കാത്തിരിക്കും ഒരു
ചിരഞ്ജീവിയായ്

**ഷിഫാന ഷെറിൻ**
**8A**

# കഞ്ഞിവെള്ളത്തിനായ് വിയർപ്പ്

കഥ

ചാത്തന്റെ ചുവടുകൾ ഇടറാൻ തുടങ്ങി. തനിക്ക് ഇനിയും സാധിക്കുമെന്ന ആത്മവിശ്വാസവും നിലയ്ക്കുവാൻ തുടങ്ങി. അതിനുമുമ്പ് തന്നെ ചാത്താ... ന്നാ പിടിച്ചോ ന്നുള്ളൊരു വിളിയുമായി മറ്റൊരു തൊഴിലാളി ചാത്തന്റെ മുകളിൽ അടുത്ത ചെങ്കല്ല് ഏറ്റികൊടുക്കുവാൻ തുടങ്ങി.... തോളിന്റെ വേദനകാരണമായിരിക്കാം വായയുടെ വെള്ളം വറ്റിയ കാര്യം അയാൾ മറന്നു പോയി. അവശനായ അയാളെ കണ്ടാൽ പിന്നീട് ഒരാൾക്കും മനസ്സിൽ നിന്ന് മായാത്ത മുഖം... അന്തിക്ക് വീടണയുന്നതിനുമ്പ് കൂലി വാങ്ങിക്കാനെത്തിയ മുതലാളിയുടെ മുഖം കണ്ട് തെല്ലൊന്നു വിറച്ചുപോയി അയാൾ. അന്നത്തെ ശമ്പളത്തിന്റെ മുന്നിൽ അയാൾക്ക് നെടുവീർപ്പിടാനല്ലാതെ മറ്റൊന്നിനും ആകുമായിരുന്നില്ല.... പേടിയാണ് അയാൾക്ക്..... കൂലി കൂട്ടി കിട്ടാനായി സംസാരിച്ച് മണിയെ ഈ മുതലാളി തന്നെയാണ്.....! അന്നത്തെ ചോരയുടെ മണം അയാൾ അവിടെയെങ്ങും അറിയാതെ മണക്കുന്നുണ്ടായിരുന്നു. എന്തിനാണീ മുതലാളിമാർ തൊഴിലാളികളുടെ അധ്വാനത്തിൽ ലാഭം കൊയ്യുന്നത്? ചാത്തൻ അതിനുനുത്തരം കടപ്പെടുക്കുന്നതിനു മുൻപുതന്നെ വീടണഞ്ഞിരുന്നു. ഒരു ചുമട്ടുതൊഴിലാളിയുടെ ഗ്രഹം പെറ്റ കുടിലാണെങ്കിൽപോലും ചാത്തൻ അവിടെ ഒരു സ്വർഗഗ്രഹം കെട്ടി വെച്ചിരുന്നു പാത്രവുമായി അടുത്തേക്

ഓടിവരുന്ന മക്കളെ കണ്ടപ്പോൾ ചാത്തന് പൊട്ടിക്കരയുവാൻ തോന്നി. കുടിലുമറച്ച ഒരു ഓലയുടെ മറവിൽനിന്നും നീലി എത്തിനോക്കി "ഞാൻ എത്രനുവെച്ചാൽ ഇവരോട് പറയാ.... പറഞ്ഞാൽ അനുസരിക്കേണ്ടേ....." എന്തൊക്കെയോ പറയാൻ മനസ്സിൽ ഒളിപ്പിച്ചതുപോലെ അവൾ മക്കളോട് പറഞ്ഞു....."അച്ഛനെ അകത്തേക്ക് വിളിക്ക്..... നിങ്ങളും വാ......

"തേങ്ങൽ അടക്കിപ്പിടിച്ച അവളുടെ കണ്ണുകൾ ചാത്തന് നോക്കാൻകഴിഞ്ഞില്ല. തനികെട്ടിയപ്പോൾ മുതൽ നീലി കറയാതിരുന ദിവസങ്ങളില്ല. ആ അപരതബോധം ചാത്തന് ഇപോഴു ഉണ്ട് . തന്ടെ പ്രിയതമയോട് തന്റെ അവസ്ഥകൾ പറയാൻ, കൊതിക്കുന്ന ചാത്തന്റെ മനസിന് അതിരില്ല. എന്തൊക്കെഇല്ലെങ്കിലും ഉള്ളതുവെച്ച ജീവിക്കുന്ന അവരെ കണ്ടു വേണം പഠിക്കാൻ എന്നുതോന്നുന്ന നീലിയും ചാത്തനും. അവർ പണിത സ്വർഗഗ്രഹത്തിൽ ഇല്ലായ്മയുടെ കഥാമറക്കുന്ന ദമ്പതിമാർ..... അവരുടെ അടുപ്പ് പുകയാൻ ഇന്ന് നന്നേ സമയം വൈകീയിരുന്നു........

പിറ്റേദിവസം കാലത്തു സ്നേഹത്തിന്റെ സ്വര്ശത്തോടെ നീലി നൽകിയ കഞ്ഞിവെള്ളം കുടിച്ചുകൊണ്ട് ചാത്തൻ തന്റെ അന്നത്തെപോറ്റുന്ന പണിസ്ഥലത്തേക്കു യാത്രയായി.പണി ചെയ്തു അവശനായെങ്കിലും തൊഴിലാളികൾക്കും കൂലി കൊടുക്കാതെ പറഞ്ഞയകനാണ് മുതലാളി ശ്രമിച്ചത്. എന്താണ് പറയേണ്ടത് എന്നു അറിയാതെ നില്കുന്ന

തൊഴിലാളിമാരെ കണ്ട ഭാവം നടിക്കാതെ പോലെ മുതലാളി നീങ്ങി.....

"ഞങ്ങളുടെ വീതം ഞങ്ങള്ക്കുകിട്ടേയെതെരു.....". ചാത്തനിൽ നിന്നാണ് ഈ ശബ്ദം ഉയർന്നത്. "എന്താടോ....... നീ പറഞ്ഞത്, എനിക്കു ഇന്നത്തെ ദിവസത്തെ കൂലി എന്റെ മുതലാളി തന്നില്ലെങ്കിൽ നിങ്ങൾക്കതു തരാനാകു ആരും നേരാവണം പണി ചെയ്യുന്നില്ല എന്നാണ് സർ എന്നോട് പറഞ്ഞത് "മുതലാളിയുടെ വാക്കുകൾ  ചാത്തന്നെയും കൂട്ടരേയും വാക്കുതർക്കത്തിലേക്ക്ത്തിച്ചു. മുതലാളിയു തൊഴിലാളിയും തമ്മില്ലുള്ള യുദ്ധത്തിന്റെ അവശനത്തിനായി ചാത്തൻ ഉറക്കെ  പറഞ്ഞു;"ഞങ്ങക്കും കൂലി കൂട്ടകിട്ടുന്നതുവരെ ഞങ്ങൾപണിചെയുനതയേറിക്കല്ല. എല്ലുമുറിയെ പണിചെയുന ഞങ്ങൾക്ക് ഇവിടെ ഒന്നും കിട്ടുന്നില്ലെങ്കിൽ  പിന്നെ എന്തിനാണ് ഇത്രയും കഷ്ടപ്പെട്ട് പണിയെടുക്കുന്നത്...." മുതലാളിയുടെ പൊള്ളയായ വാക്കുക്കൾക്കുമെതിരായുള്ള ചാത്തന്റെ തിരിച്ചടിവാകുക്കൽ മട്ടുതൊഴിലാളിമാരെ ചിന്തയിലുണർത്തി.

ഞങ്ങൾ  അധ്വാനിക്കണം,വിയർക്കണം,എന്നിട്ട് ലാഭം നിങ്ങൾക്ക് ആ വിദ്യ മനസ്സിലിരിക്കട്ടെ. പറഞ്ഞത്,രാമുവാണ്.ചോരത്തിളപ്പിൻെറ ചുഴിയിൽപ്പെട്ട മണിയുടെ സഹോദരൻ.തൊഴിലാളികൾക്ക് ലഭിച്ച  ധ്യര്യം തനിക്ക് വലിയ തിരിച്ചടിയുണ്ടാക്കുമെന്ന് മനസ്സിലാക്കിയ മുതലാളി,അന്നത്തെ വെറും തുച്ഛമായ കൂലി കൊടുത്തുകൊണ്ട് അവരെ ആട്ടിയോടിച്ചു.

തന്റെ വീട്ടിലെത്തിയ ചാത്തന് ആവശ്യം,തലചായ്ക്കാൻ ഒരിടമായിരുന്നു.ഇന്നത്തെ ദിവസം എന്തൊക്കെയാണ് സംഭവിച്ചത്? ഞാൻ മുതലാളിയോട് പറഞ്ഞതിൽ വല്ല ശരിയുമുണ്ടോ? സത്യത്തിൽ എന്നെ

അങ്ങനെ പറയാൻ പ്രേരിപ്പിച്ചതാരാണ്?..... ചാത്തന്റെ ചിന്തകൾ പലവഴിയായി പിരിഞ്ഞുപോയെങ്കിലും വീണ്ടും അതൊരു കൂടിച്ചേരലായിരുന്നു.തൻറെ കുടുംബത്തിനെ താങ്ങി നിർത്താനുള്ള ഒരു നെട്ടോട്ടമുണ്ട്.തന്റെ സഖിയെ,തന്റെ മക്കളെ,ഓർത്തിട്ടാണ് അവരുടെ മുഖം നേരിൽ കണ്ടുകൊണ്ടുതന്നെയാണ് ഞാൻ അങ്ങനെ പറയാനൊരുങ്ങിയതെന്ന വാസ്തവം ചാത്തന് മനസ്സിലായി....ഒരിയ്ക്കലും അവസാനിക്കാത്ത ഒരു തീയായിരുന്നു ചാത്തന്റെ മനസ്സിൽ ഉണർന്നത്.ഈ സ്ഥിതി മാറണം. തന്നെപ്പോലെയുള്ള പാവപ്പെട്ടവർ അധ്വാനിച്ച് കിളിർക്കുന്ന ലാഭത്തെ കയ്യോടെ വാരുകയാണ് മുതലാളിമാർ.... തൊഴിലാളികൾക്കും അതിന്റെ മീതം കിട്ടിയേ മതിയാകൂ.... പോരാടി ജയിക്കാനുള്ള തീരുമാനത്തിലേക്കാണ് ചാത്തൻ ചെന്നെത്തിയത്.....അവിടുന്ന് അങ്ങോട്ട് എല്ലാ പാവപ്പെട്ട തൊഴിലാളിമാരുടെയും കഷ്ടത തീർക്കാനുള്ള പരിശ്രമം ചാത്തന്റെ സിരകളിൽ ഓടിപ്പടർന്നു.മുതലാളിമാരുടെ എല്ലാ വിദ്യകളും കയ്യിലിരിക്കട്ടെ........

# വിസ്മയലോകത്തിലെ കൂട്ടുകാർ

*അന്ധകാരത്തിലെ നിന്ന് വന്നെത്തുന്ന മിന്നാമിനുങ്ങിന്റെ വെട്ടം എന്നെ പ്രകാശിപ്പിക്കുന്ന ഭൂമിയുടെ ശോഭയായ് തീരുന്നു. കൂരിരുട്ടിൽ വെട്ടം പകർത്തുന്ന പുലരിയുടെ നിലാവിൽ എന്നെ തലോടുന്ന ഇളം കാറ്റിന്റെ ഈണം കാതിൽ മൂളുന്ന തുമ്പികളുടെ നാദം. പുലരിയെ മയക്കം കൊണ്ടുണർത്തുന്ന സൂര്യന്റെ പ്രകാശത്തോടെ വിരിയുന്ന പൂക്കളുടെ നറുമണത്തിൽ ഓടിയെത്തുന്ന വണ്ടുകളുടെ മൂളിപ്പാട്ടുകൾ. മലനിരകളുടെ മുകളിൽ നിന്നും ഒഴുകിയെത്തുന്ന ചെറു അരുവിയുടെ താളം വലിയ സ്വപ്നമാക്കിതീർക്കുന്ന പുഴകളുടെ വലിയ കൂട്ടമായ് മാറുന്നു. സ്വപ്നം കാണുന്ന മനുഷ്യർ എന്താ ഈ വിസ്മയലോകത്തെ കാണാതെ പോകുന്നു. ദുഷ്ടത കാട്ടുവാൻ മാത്രം അറിയുന്ന ജനജീവിതത്തെ ഇതെല്ല ജീവിതം എന്ന് തെളിയുന്ന പാഠപുസ്തകമാണീ ലോകം.*

# വിശപ്പ്

വിശപ്പ് ............
അടുത്തറിയുന്നവന് അവനറിഞ്ഞ വേദനകൾ
അറിയാത്തവന് വെറും മൂന്നക്ഷരം
 വിശപ്പേറിയവന്റെ ഇന്നെലകൾ
നമുക്ക് ഇതിന്റെ സമ്മാനം
വിശപ്പകറ്റാൻ വേണ്ടി മാത്രം
മുന്നോട്ടു പോവുന്നു ചിലർ
ആളികത്തുന്ന കണ്ണുകളിലും
പിച്ചവെച്ചുതുടങ്ങുന്ന കാലുകളിലും
ഉണങ്ങി മെലിഞ്ഞ ശരീരത്തിലും
തുടിക്കുന്ന  ഹൃദയത്തിലും
നാം കാണുന്നത്
വിശപ്പിന്റെ തീപ്പൊരികളാണ്
 ഇന്നിന്റെനോവുകൾ മറന്ന്
നല്ല നാളുകൾക്കായ് നമുക്ക് മുന്നേറാം

Thrisha U

# മനുഷ്യ നിർമ്മിത പ്രളയമിതാ വീണ്ടുമെത്തി...



"പ്രകൃതി രമണീയമായ ദൈവത്തിൻറെ സ്വന്തം നാട്"

കലിതുള്ളിയാടിയ കാലവർഷത്തിൽ തണുത്തു വിറങ്ങലിച്ച ആ രാത്രി നൊമ്പരങ്ങളുടെ നിലവിളികളാൽ കേരള ജനത നിസ്സഹായകരായ നിമിഷങ്ങൾ കോരിച്ചൊരിയുന്ന മഴയിലും കാറ്റിലും വൻമരങ്ങളതാ.. കടപുഴകി വീഴുന്നു. ഓടിക്കളിച്ചിരുന്ന മുറ്റത്ത് വെള്ളം നിറഞ്ഞത് കണ്ട് കുട്ടികൾ കളിവഞ്ചിയുണ്ടാക്കി പുറത്തുവരുന്നതിനു മുൻപേ വീടിനകം വരെ വെള്ളമെത്തി.

പേടിച്ചരണ്ടവർ രക്ഷിതാക്കളുമൊത്ത് രക്ഷതേടി ആ വഴി എത്തിയ രക്ഷാപ്രവർത്തകർക്കൊപ്പം ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടി.



ചുറ്റും വിറങ്ങലിച്ച അനേകം ആളുകൾ. അവർ ഓരോരുത്തരും ആരെയെല്ലാമോ തിരയുന്നതുപോലെ തോന്നി. അയൽ **വാസികളെതിരയുന്നവരും മക്കളെ തിരയുന്നവരും മാതാപിതാക്കളെ തിരയുന്നവരും കൂടപ്പിറപ്പുകളെ തിരയുന്നവരും കൂട്ടത്തിലുണ്ടായിരുന്നു. അതിനെക്കാളെല്ലാം ഉപരി ഉടുതുണിക്ക് മറുതുണിയല്ലാത്തവരാണ് അവരെല്ലാവരും ഒരു ജന്മം മുഴുവൻ** അധ്വാനിച്ച സകലതും പുഴകളും തോടുകളും കയ്യേറിയപ്പോൾ പലരും തനിച്ചായി മാറി.



ഇതുപോലുള്ള ദുരന്തത്തിന് ഉത്തരവാതികൾ ആരാണ്? കേരളത്തിൽ ഈ കാലമത്രയും ഋതുക്കൾ മാറിമാറി വന്നിരുന്നു. മഴക്കാലവും ഒരു അതിതഥിയെപ്പോലെ ജൂൺ മാസം തന്നെ വിരുന്നിന് വരുന്നത് പതിവായിരുന്നു. വന്നാൽ മൂന്ന് മാസത്തോളം കേരള ജനതയോടൊപ്പം ആർത്തുല്ലസിച്ച് മതിവരാതെ വീണ്ടുമൊരു തിരിച്ചുവരവിനായി വിടപറയുകയും ചെയ്യുമായിരുന്നു. അന്നത്തെ ജനത പ്രകൃതിയെ ദൈവത്തെപ്പോലെ ആരാതിക്കുകയും പരിപാലിക്കുകയം ചെയ്യുമായിരുന്നു. എങ്ങും പച്ച പുതച്ച

സുന്ദരിപ്പെണ്ണിനെപ്പോലെ പ്രകൃതി സുന്ദരമായിരുന്നു. അതിൽ നാണം കുണുങ്ങിയെത്തുന്ന മഴ മേഘങ്ങൾ പെയ്തിറങ്ങുമ്പോൾ അതിനെ ഉൾക്കൊള്ളുവാനുള്ള കഴിവും ഭൂമിക്കുണ്ടായിരുന്നു.

ഇന്നോ ! എങ്ങും കോൺക്രീറ്റ് തൂണുകൾ. അന്നത്തെ കാലത്ത് 15 ഉം 20ഉം പേർക്ക് ഒരു വീടായിരുന്നത് ഇന്നിപ്പോൾ 2 പേർക്ക് 2000 ച.അടി വീടും പോരാത്തതിന് ചുറ്റും കോൺക്രീറ്റ് തറയും. കുന്നുകൾ ഭൂമാഫിയകൾ തുരന്ന് വികൃതമാക്കി. കൃഷിയിടമോ ആളുകളെ ഉൾക്കൊള്ളാൻ വേണ്ടി വഴിമാറി. നീരുറവകൾ കൈയ്യേറി വീടുകളും റോടുകളും നിർമ്മിച്ചപ്പോൾ പുഴകളുടയും തോടുകളുടെയും നീരൊഴുക്കിനെ ബാധിച്ചു. പലതും ഗതിമാറി ഒഴുകി. ഭൂമിയിലേക്ക് ഇറങ്ങുന്ന ജലത്തിൻറെ അളവും കോൺക്രീറ്റു പാളികൾ ഇല്ലാതാക്കി. ഫലമോ, “പ്രളയം” എന്ന മൂന്നക്ഷരത്തിൽ ഒതുക്കി നമ്മൾ.



സുഖസൗകര്യങ്ങൾ മനുഷ്യന് ആവശ്യമാണ് .എന്നിരുന്നാലും പ്രകൃതിയെ സംരക്ഷിക്കുന്ന തരത്തിലായിരിക്കണം അവ .ഇങ്ങനെയൊക്കെ ആയിരുന്നാലും കേരളജനത തോൽക്കാൻ തയാറല്ല. രക്ഷാപ്രവർത്തനങ്ങളിലെന്നപോലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും കൊടിയുടെയോ ജാതിയുടെയോ നിറം നോക്കാതെ ഒറ്റക്കെട്ടായി നിൽക്കുന്നതാണ് നമ്മുടെ സംസ്ക്കാരം.

ഉരുൾപൊട്ടലിലും മണ്ണിടിച്ചലിലും ഔദ്യോഗികകണക്കുകൾ പ്രകാരം നൂറോളംപേർ നമ്മളെ വിട്ടു പിരിഞ്ഞു . ഹെക്റ്ററുകളോളം കൃഷിയിടങ്ങളും കോടിക്കണക്കിന് രൂപയുടെ നഷ്ടങ്ങളും ഉണ്ടയി.പ്രളയംമൂലം ഒരു ജനതയുടെ അന്നം പെരുവഴിയിലായി വെള്ളപ്പൊക്കത്തിനും പ്രകൃതി ക്ഷോഭങ്ങൾക്കും മുൻപിൽ കേരളം ജനത ലജ്ജിച്ചു തലതാഴ്ത്തി നിൽക്കണം .അത്രയ്ക്ക് പ്രകൃതിയെ നമ്മൾ വേദനിപ്പിച്ചു.നാം മനുഷ്യർ പ്രകൃതിയോട് ചെയ്യുന്ന ഹീന പ്രവർത്തനങ്ങളാണ് ഇരട്ടിയായി നമുക്ക് തിരിച്ചു ലഭിക്കുന്നത് .

അല്ലയോ സുഹൃത്തുക്കളെ ഈ ഭൂമി നമുക്കെന്നതുപോലെ പ്രകൃതിയിലെ മറ്റു ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ് .നാം ചെയ്യുന്ന ഈ ഹീന പ്രവർത്തികൾ നിമിത്തം മറ്റു ജീവജാലങ്ങൾ കൂടി അതിന്റെ അനന്തര ഫലങ്ങൾ അനുഭവിക്കേണ്ടി വരുന്നു.

ഇനിയും ഇതിനൊരു മാറ്റമില്ലാതെ തുടരുകയാണെങ്കിൽ വരാനിരിക്കുന്ന ദുരന്തം വർണ്ണിക്കാൻ കഴിയുന്നതിലും ഭീകരമായിരിക്കും .

രക്ഷാപ്രവർത്തനത്തിനും പുനർ നിർമ്മാണത്തിനും എന്നതുപോലെ പ്രകൃതി സംരക്ഷണത്തിനും കേരള ജനത ഒറ്റക്കെട്ടായി മുന്നിട്ടിറങ്ങണമെന്ന ആഗ്രഹത്തോടെ.........

2019 ലെ കുട്ടി പട്ടങ്ങൾ






# നേട്ടങ്ങളും പ്രവർത്തനങ്ങളും



'സന്ധ്യ,ആരതി, വന്ദന, മുഹമ്മദ് അൻസിൽ എന്നിവർ ചേർന്ന് **#പരിസ്ഥിതിക്ലബിലെ** മറ്റു കൂട്ടുകാർക്ക് **#വിത്തുപേന**💚 നിർമാണ പരിശീലനം നൽകുന്നു.💚



വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതും വൈദ്യുതോൽപ്പാദനം തന്നെ....... ഇതായിരുന്നു ഇന്നു നടന്ന **#LEDബൾബ്** നിർമാണ ശിൽപശാലയിലൂടെ സ്കൂൾ **#ശാസ്ത്രക്ലബ്** നൽകിയ സന്ദേശം. ശാസ്ത്രബോധനം പ്രവൃത്തിയിലൂടെ സ്വായത്തമാക്കാൻ ശ്രമിച്ച 150 കുട്ടികൾ !!! അവർ രണ്ടര മണിക്കൂർ കൊണ്ട് നിർമ്മിച്ചെടുത്ത അത്ര തന്നെയെണ്ണം ബൾബുകൾ!!എല്ലാം കത്തിയപ്പോൾ ബൾബു പോലെ പ്രകാശിച്ച സന്തോഷം .... പത്താം ക്ലാസിലെ ഫിഡിസ്ക്സ് പാഠത്തിന്റെ നേർസാക്ഷ്യം കുട്ടികൾക്ക് പരിചയപ്പെടുത്തിയത് കുണ്ടൂർകുന്ന് VPAUP സ്കൂളിലെ K ശിവപ്രസാദ്, M രാമകൃഷ്ണർ എന്നീ അധ്യാപകരാണ്.



WONDERS OF THE WORLD; the wall magazine prepared by **#English #Club** is inagurating by our HM Smt. Bhagyalekshmi teacher








സ്കൂൾ കൗൺസിലർ വിജി ടീച്ചറുടെ നേതൃത്വത്തിൽ കുട്ടികൾ തയാറാക്കിയ കൈയെഴുത്ത് മാസിക **#MAZHA** "(Mind Always Zoom Happy Achievements)" നമ്... See more



**#അഭിമാനം**
നമ്മുടെ പത്താംതരത്തിലെ **#വിദ്യ**






കൗമാര ദിനത്തോടനുബന്ധിച്ച് ക...
ആരോഗ്യ[illegible]ത്തിലെ കൗൺസിലർ ...
മീനു നൽകിയ കൗൺസിലിംഗ്

വിവിധ മേഖലയിൽ മികച്ച വിജയം കരസ്ഥമാക്കിയവരെ ബഹു. ജല വിഭവ വകുപ്പ് മന്ത്രി ശ്രീ കൃഷ്ണൻകുട്ടിയുടെ വിദ്യാഭ്യാസ പദ്ധതിയായ **#വിദ്യാകിരണം** ആദരിച്ചു.നമ്മുടെ തത്തമംഗലം കുട്ടികൾ അവർക്കു കിട്ടിയ സമ്മാനങ്ങളുമായി......
**#SPC,**
**#Judo**
**#Taekwondo**
**#NMMS**
**#USS**
**#SSLCFULL** A PLUS
**#PLUSTWO** FULL A PLUS,........





**Spc Gsmhs Tattamangalam**
10th സ്ഥിരതാവർഷിത്തിന്റെ ഭാഗമായി ... നിർമ്മാണം.

ചിറ്റൂർ സബ്ജില്ലാ കായിക മേളയിൽ നമ്മുടെ അഭിമാനം **#ജോതിക**



# നേട്ടങ്ങൾ

Spc super seniors ന്റെ physical test
ADNO ജയരാജ് സാറിന്റെ നേതൃത്വത്തിൽ...



'വിമുക്തി' - ലഹരിക്കെതിരെ.
സൈക്കിൾ റാലി സമാപനം.
ബഹുമാനപ്പെട്ട മുൻസിപ്പൽ ചെയർമാൻ
ശ്രീ. കെ മധു ഉത്ഘാടനം ചെയ്തു.



**#അഭിമാനം**

**#സംസ്ഥാനകലോത്സവത്തിൽ**
**#പാലക്കാട്** ജില്ലയ്ക്ക് വേണ്ടി നമ്മുടെ
സ്കൂളിൽ നിന്നും ഒരു **#Aഗ്രേഡ്**!!!
**#HSS #നങ്ങ്യാർകൂത്തിൽ** നേട്ടം
കരസ്ഥമാക്കിയ പ്രിയപ്പെട്ട
**#ഇന്ദുലേഖയ്ക്ക്** **അഭിനന്ദനങ്ങൾ**.....







ജില്ലാതല തയ്ക്വോണ്ടോ വിജയികൾ.....




7B


9A


Our Nature
Art by : Muhammed
Althaf . A
VII . A
G.S.M.U.H.S.school
tatamangalam


9C


Sini.S
9.A


Flowers
by Thahseena nazriN-S
V th A
RollNO: 19


9A

# മൊബീലിയയ്ക്ക് വേണ്ടി............






നന്ദി.